ആർ.ബി.ഐ/2004-05/315
ഡി.സി.എം. (പി.എൽ.ജി)
നമ്പർ - 31/10-03-00/2004-05

27 ഡിസംബർ 2004

## ലിസ്റ്റ് അനുസരിച്ച് ബാങ്കു സൂക്ഷിക്കുന്ന സുരക്ഷിതമായ വലിയപെട്ടി

സാർ/മാഡം

**നാണയം സ്വീകരിക്കാതിരിക്കുന്നത്**

ബാങ്ക് ശാഖകളിൽ നാണയം സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഏപ്രിൽ 5, 2004 ൽ നൽകിയ ഡി സി എം (ആർ എം എം ടി) 118/11.37.01/2004-04 എന്ന കത്തിലെ നിർദ്ദേശങ്ങളും അറിയിപ്പുകളും ശ്രദ്ധിക്കുക. 2004 നവംബർ 22-ാം തീയതി ചെന്നൈയിൽ റിസർവുബാങ്കു സ്റ്റാഫ് കോളേജിൽ വച്ചു നടന്ന നാണയപ്പെട്ടി സൂക്ഷിക്കുന്ന ബാങ്കുകളുടെയും, ഉയർന്ന ആഫീസർമാരുടെയും, അവ നൽകുന്ന മേഖലാ തലവന്മാരുടേയും സമ്മേളനത്തിൽ മറ്റു വിഷയങ്ങളുടെ ഒപ്പം വാണിജ്യ ബാങ്കുകൾ നാണയങ്ങൽ സ്വീകരിക്കാതിരുന്നതുകൊണ്ട് പതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചർച്ചയ്ക്കുവന്നു

2. ഞങ്ങൾക്കും ഇപ്പോഴും നേരിട്ടും അല്ലാതെയും ബാങ്കു ബ്രാഞ്ചുകൾ നാണയം സ്വീകരിക്കാതിരിക്കുന്നതു സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുന്നുണ്ട്. ഒന്നുകൂടി നിങ്ങളെ ഉപദേശിക്കുന്നത് ബാങ്കിന്റെ കൗണ്ടറിൽ അടയ്ക്കുന്നതിനും മാറ്റി വാങ്ങിക്കുന്നതിനും കൊണ്ടുവരുന്ന എല്ലാ വിഭാഗത്തിലും പെട്ട നാണയങ്ങൾ സ്വീകരിക്കണമെന്നാണ്. പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കുകളുടെ ബ്രാഞ്ചിന്റെ പരിസരത്ത് അകത്തും പുറത്തും നാണയങ്ങൾ സ്വീകരിക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്ന സൗകര്യം ബാങ്കിലുണ്ടെന്നുള്ള വിവരത്തിന് നോട്ടീസ് പ്രദർശിപ്പിക്കണം.

3. കൗണ്ടറുകളിൽ നിന്നു ലഭിക്കുന്ന നാണയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തരം തിരിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുക. പ്രത്യേകിച്ച് വലിയ പട്ടണങ്ങളിലും ക്ഷേത്രനഗരങ്ങളിലും ഇക്കാര്യം പ്രത്യേകം പരിഗണിക്കുക. നേരത്തെ അറിയിച്ചിരുന്നതുപോലെ 5 പൈസ, 10 പൈസ, അലുമിനിയം പിത്തള 10 പൈസ നാണയങ്ങൾ, 10 പൈസയുടെ ഉരുക്കുനാണയങ്ങൾ, 25 പൈസയുടെ കപ്പുവളവു രൂപത്തിലുള്ള നാണയങ്ങൾ, 50 പൈസാ ഒരു രൂപാ നാണയങ്ങൾ ഇന്ത്യാ ഗവൺമെന്റിന്റെ മുംബൈ, കൊൽക്കത്ത, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങളിലുള്ള കമ്മട്ടങ്ങളിൽ ഇപ്പോഴുള്ള നടപടിക്രമമനുസരിച്ചു മുൻകൂർ അറിയിച്ചശേഷം അടയ്ക്കാം. 25 പൈസ, 50 പൈസ, 1 രൂപ

എന്നിവയുടെ ഉരുക്കുനാണയങ്ങളും നിക്കൽ നാണയങ്ങളായ 2 രൂപ, 5 രൂപ എന്നീ നാണയങ്ങളും വീണ്ടും വിതരണം ചെയ്യാനുള്ള ശ്രമം ഉണ്ടാകണം. എന്നാൽ ഈ നാണയങ്ങൾക്ക് ആവശ്യം കുറവാണെങ്കിൽ അവ നിക്ഷേപിക്കാൻ ഡിവിഷൻ ആഫീസുകളെ സമീപിക്കുക.

4. പൊതുജനങ്ങൾക്കു യാതൊരു അസൗകര്യവും ഉണ്ടാവാത്ത രീതിയിൽ നാണയങ്ങൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ബ്രാഞ്ചുകൾക്കും നൽകണമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

5. കത്തു കിട്ടിയ വിവരവും ഈ വിഷയത്തിൽ കൈക്കൊണ്ട നടപടിയും അറിയിക്കുക.

വിശ്വസ്തതയോടെ

**(യൂ.എസ്. പാലിവാൾ)**

ചീഫ് ജനറൽ മാനേജർ

27. ഡിസംബർ 2004-ലെ ഡി.സി.എം. (പി.എൽ.ജി.) നമ്പർ ജി-31/10-03-00/2004-05 കത്ത് അയച്ചുകൊടുത്ത ബാങ്കുകളുടെ ലിസ്റ്റും.

| **ക്രമ നമ്പർ** | **ബാങ്കിന്റെ പേര്** | **ക്രമ നമ്പർ** | **ബാങ്കിന്റെ പേര്** |
|---|---|---|---|
| | പൊതുമേഖലാ ബാങ്ക് | | പ്രൈവറ്റ് സെക്റ്ററും മറ്റും |
| 1. | അലഹബാദ് ബാങ്ക് | 1. | ബാങ്ക് ഓഫ് പഞ്ചാബു ലിമിറ്റഡ് |
| 2. | ബാങ്ക് ഓഫ് ബറോഡ | 2. | ദി ബാങ്ക് ഓഫ് രാജസ്ഥാൻ ലിമിറ്റഡ് |
| 3. | ബാങ്ക് ഓഫ് മഹാരാഷ്ട്ര | 3. | കാതോലിക് സിറിയൻ ബാങ്ക് |
| 4. | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 4. | ദി ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് |
| 5. | ദേനാ ബാങ്ക് | 5. | ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് |
| 6. | ഇന്ത്യൻ ബാങ്ക് | 6. | എച്ച്.ഡി.എഫ്.സി. ബാങ്ക് ലിമിറ്റഡ് |
| 7. | പഞ്ചാബ് ആൻഡ് സിൻഡ് ബാങ്ക് | 7. | ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് |
| 8. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 8. | ഐഡിബിഐ ബാങ്ക് ലമിറ്റഡ് |
| 9. | ആന്ധ്രാ ബാങ്ക് | 9. | ദി ജമ്മു ആൻഡു കാശ്മീർ ബാങ്ക് |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് |
| 10. | കാനറാ ബാങ്ക് | 10. | ദി കർണാടക ബാങ്ക് ലിമിറ്റഡ് |
| 11. | ബാങ്ക് ഓഫ് ഇന്ത്യ | 11. | ദി കാരൂർ വൈശ്യ ബാങ്ക് ലിമിറ്റഡ് |
| 12. | കോർപ്പറേഷൻ ബാങ്ക് | 12. | ദി ലക്ഷ്മി വിലാസ് ബാങ്ക് ലിമിറ്റഡ് |
| 13. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 13. | ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് |
| 14. | ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സ് | 14. | തമിഴ്നാടു മർക്കന്റയിൽ ബാങ്ക് ലിമിറ്റഡ് |
| 15. | പഞ്ചാബ് നാഷനൽ ബാങ്ക് | 15. | യൂറ്റിഐ ബാങ്ക് ലിമിറ്റഡ് |
| 16. | സിൻഡിക്കേറ്റു ബാങ്ക് | 16. | ദി ഇൻഗവ്യാസ ബാങ്ക് ലിമിറ്റഡ് |
| 17. | യൂ കോ ബാങ്ക് | 17. | സ്റ്റാന്റേർഡു ചാർട്ടേഡു ബാങ്ക് |
| 18. | യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ | 18. | രാജസ്ഥാൻ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് |
| 19. | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | | |
| 20. | വിജയ ബാങ്ക് | | |
| 21. | സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിർ ആൻഡ് ജയ്പൂർ | | |
| 22. | സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല | | |
| 23. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ | | |
| 24. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | | |
| 25. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ് | | |
| 26. | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ | | |
| 27. | സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര | | |